(സി & ഡി) പൊതു റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന കാര്യം പരിഗണന യിലില്ല. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ജില്ലാ എക്സിക്യൂട്ടീവ് ആഫീസർ/അഡീഷണൽ ജില്ലാ എക്സിക്യൂട്ടീവ് ആഫീസർ തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കുന്നതിനുവേണ്ടിയാണ് 30-9-2003-ലെ ഗസറ്റ് വിജ്ഞാപന പ്രകാരം പി. എസ്. സി. അപേക്ഷ ക്ഷണിച്ചിട്ടുള്ളത്.

റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കാൻ നടപടി

34 [3409] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004 ഡിസംബർ 31-നു മുൻപ് കാലാവധി അവസാനിക്കുന്ന പി. എസ്. സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ടോ;

(ബി) വിദ്യാഭ്യാസ വകുപ്പിലേക്കുള്ള ഏതെല്ലാം റാങ്ക് ലിസ്റ്റുകളുടെ കാലാവധി 2004 ഡിസംബർ 31-നു മുമ്പായി അവസാനിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപകരുടെ ഒഴിവുകളിലേക്ക് നിയമനം നടത്താറുള്ളത് എപ്പോഴാണ്;

(ഡി) അടുത്ത അദ്ധ്യയനവർഷം ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന എല്ലാ ഒഴിവുകളിലേക്കും നിയമനം നടത്താൻ കഴിയുംവിധം നിലവിലുള്ള റാങ്ക് ലിസ്റ്റു കളുടെ കാലാവധി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) 2004 ഡിസംബർ 30-നു മുൻപ് കാലാവധി അവസാനിക്കുന്ന പി. എസ്. സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി 2004 ഡിസംബർ 31 വരെ ദീർഘിപ്പി ച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഓരോ വർഷവും ജൂലൈ പതിനഞ്ചോടുകൂടിയാണ് സ്കൂളുകളിൽ തസ്തിക നിർണ്ണയം നടത്തുന്നത്. തസ്തിക നിർണ്ണയം നടന്നു കഴിഞ്ഞതിനുശേഷം അദ്ധ്യാപകർ അധികമുള്ള സ്കൂളുകളിൽനിന്നും അവരെ തസ്തികയുള്ള സ്ഥലത്തേക്ക് സ്ഥലം മാറ്റി നിയമിച്ചതിനുശേഷമുള്ള ഒഴിവുകളിലേക്കാണ് പി. എസ്. സി. വഴി നിയമനം നടത്തുന്നത്.

(ഡി) ഇത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly